# പതിനാലാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.214 06.02.2018 ന് മറുപടിയ്ക്ക്.

## മനുഷ്യവാസകേന്ദ്രങ്ങളിലെ വന്യജീവി ആക്രമണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ്ജ് എം തോമസ്<br>ശ്രീ.കെ.ബാബു<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.പി.വി.അൻവർ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) വനാതിർത്തിയോടു ചേർന്നുള്ള മനുഷ്യവാസകേന്ദ്രങ്ങളിൽ ഉണ്ടാകുന്ന വന്യജീവി ആക്രമണം തടയാൻ ആവശ്യപ്പെട്ടുകൊണ്ട് മനുഷ്യാവകാശ കമ്മീഷൻ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) വനാതിർത്തിയോട് ചേർന്നുള്ള മനുഷ്യവാസ കേന്ദ്രങ്ങളിൽ ഉണ്ടാകുന്ന വന്യജീവി ആക്രമണം തടയാൻ ആവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ മുമ്പാകെ ഫയൽ ചെയ്തിരുന്ന എച്ച്.ആർ.എം.പി. നം.3097/17, 4538/17, 4509/17 എന്നീ കേസ്സുകളിൽ 04.10.2017 തീയതിയായി ബഹു. കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>1. കേരളത്തിലെ വനാതിർത്തിയിൽ റെയിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും, ഇതിനായി ആവശ്യമായ അഡീഷണൽ ബഡ്ജറ്റ് പ്രൊവിഷൻ വകയിരുത്തേണ്ടതുമാണ്.<br>2. ബഡ്ജറ്റ് പ്രൊവിഷൻ അനുവദിക്കുന്നതുവരെ കിഫ്ബി-യിൽ ഉൾപ്പെടുത്തിയും, നബാർഡ് വായ്പാ പദ്ധതിയിൽ ഉൾപ്പെടുത്തിയും ധനസമാഹരണം നടത്തി വനാതിർത്തി മുഴുവൻ റെയിൽ ഫെൻസിംഗ് നിർമ്മിക്കേണ്ടതാണ്. റെയിൽ ഫെൻസിംഗ് നിർമ്മാണം പൂർത്തിയാകുന്നതുവരെ താല്ക്കാലികമായി ആനപ്രതിരോധ കിടങ്ങുകളും, മതിലുകളും, സൗരോർജ്ജ കമ്പിവേലികളും നിർമ്മിച്ച് വന്യജീവി ആക്രമണം തടയുന്നതിനുള്ള ശക്തമായ നടപടി വനം വകുപ്പ് സ്വീകരിക്കേണ്ടതാണ്.<br>3. വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നതുമൂലം നൽകുന്ന നഷ്ടപരിഹാരത്തുക വർഷം തോറും സർക്കാർ പുതുക്കി നിശ്ചയിക്കേണ്ടതും, ആയത് കാലതാമസം കൂടാതെ വിതരണം നടത്തേണ്ടതുമാണ്. |

4. വന്യജീവി ആക്രമണം മൂലം സംഭവിക്കുന്ന മരണത്തിന് അനന്തരാവകാശികൾക്ക് നൽകുന്ന നഷ്ടപരിഹാരത്തുക കാലതാമസം കൂടാതെ വിതരണം ചെയ്യേണ്ടതാണ്. കൂടാതെ എസ്.സി/എസ്.ടി വിഭാഗങ്ങൾക്കുള്ള ഇൻഷ്വറൻസ് തുക 2 ലക്ഷം രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്.

| | |
|---|---|
| (ബി) വനത്തിനുള്ളിൽ ജലത്തിനും ആഹാരത്തിനും ദൗർലഭ്യം വർദ്ധിച്ചു വരുന്നതും വന്യമൃഗങ്ങളുടെ എണ്ണം പെരുകുന്നതും കൊണ്ട് വനാതിർത്തിയിൽ മനുഷ്യവാസം അസാദ്ധ്യമാക്കുന്ന തരത്തിൽ വന്യജീവി ആക്രമണം വർദ്ധിച്ചു വരുന്നത് നിയന്ത്രിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (ബി) വേനൽക്കാലത്ത് ഭക്ഷണത്തിനും കുടിവെള്ളത്തിനും വന്യമൃഗങ്ങൾ കാട്ടുവിട്ട് ജനവാസ കേന്ദ്രങ്ങളിലേക്ക് വരുന്നത് ഒഴിവാക്കാൻ വനത്തിനുള്ളിൽ ഭക്ഷണത്തിന്റേയും ജലത്തിന്റേയും ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാട്ടിനുള്ളിലെ ചെക്ക് ഡാമുകളും, 500-ഓളം വരുന്ന ജലസ്രോതസ്സുകളും നവീകരിക്കുകയും, കുളങ്ങൾ വൃത്തിയാക്കുകയും, ചെക്ക് ഡാമുകളുടെ ചോർച്ച അടച്ച് പരമാവധി ജലലഭ്യത ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വനത്തിനുള്ളിലെ വയലുകളിൽ ഉണ്ടായിരുന്ന അധിനിവേശ സസ്യങ്ങളെ നീക്കം ചെയ്ത് മൃഗങ്ങൾക്ക് ഭക്ഷ്യയോഗ്യമായ സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ വനമേഖലകളിൽ ഉദ്ദേശം 500 ഹെക്ടർ സ്ഥലത്ത് മുളംതൈകൾ പുതിയതായി നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) കിഫ്ബി വഴി നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള റെയിൽ ഫെൻസിംഗ്, സോളാർ പവർ ഫെൻസിംഗ് തുടങ്ങിയ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ? | (സി) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന റെയിൽ ഫെൻസിംഗ്, സോളാർ പവർ ഫെൻസിംഗ് എന്നിവയുടെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |

Lakesh

സെക്ഷൻ ഓഫീസർ